# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്—സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം— ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

## ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 4/2018/ധന. തിരുവനന്തപുരം, 2018 ജനുവരി 9.**

പരാമർശം:—സ. ഉ. (അച്ചടി) നമ്പർ 175/2016/ധന. തീയതി 28-11-2016.

## ഉത്തരവ്

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് പരാമർശത്തിലെ ഉത്തരവ് പ്രകാരം വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാന യുത്ത് കമ്മീഷനിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചാൽ ഉണ്ടാകാവുന്ന ദൂരവ്യാപകമായ സാമ്പത്തിക ബാദ്ധ്യതയെ കുറിച്ച് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഭേദഗതികളോടെ ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. യുത്ത് കമ്മീഷനിൽനിന്ന് വിരമിച്ച മെമ്പർമാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം മുതലേ പെൻഷനുള്ള അർഹതയുണ്ടായിരിക്കുകയുള്ളു.

2. സർക്കാരിൽനിന്നും മറ്റ് പെൻഷൻ കൈപ്പറ്റുന്ന മുറയ്ക്ക് കമ്മീഷൻ അംഗത്വത്തിനുള്ള പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

GCPT. 4/194/2018/S-27.

3. കമ്മീഷനിലെ സേവനത്തിനുള്ള പെൻഷൻ വാങ്ങിക്കുന്ന ഒരു വ്യക്തിക്ക് മറ്റു സാമൂഹ്യ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഷർമ്മിള മേരി ജോസഫ്,
*എക്സ്പെന്റിച്ചർ സെക്രട്ടറി (ധനകാര്യം).*

<u>പകർപ്പ്</u>:—

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ എല്ലാ ചെയർമാൻമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ. എസ്. എ.), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

ധനകാര്യ (എൻ. പി. എസ്.) വകുപ്പ്.

മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പൊതുഭരണ ( എസ്. സി.) വകുപ്പ് (ഇനം 490 തീയതി 23-11-2016 പ്രകാരം).

സ്റ്റേറ്റ് നോഡൽ ഓഫീസർ (www.finance.kerala.gov.in).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം, (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

ചീഫ് സെക്രട്ടറി, കേരള സർക്കാർ.

സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

നോഡൽ ഓഫീസർ